LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ മത്സ്യങ്ങൾ ഉല്പാദിപ്പിക്കാൻ നടപടി

75 [3662] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

,, സി. മമ്മൂട്ടി:

,, ഇസ്ഹാക് കുരിക്കൾ:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷിയിൽ കൂടുതൽ ഉല്പാദിപ്പിക്കുന്നത് ഏതുതരം മത്സ്യങ്ങളാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

വളർത്തുമത്സ്യങ്ങളായ കട്ല, രോഹു, മൃഗാൽ, സൈപ്രണസ് (കോമൺ കാർപ്പ്) ലേബിയോ ഗ്രാസ് കാർപ്പ് എന്നീ മത്സ്യങ്ങളാണ് കൂടുതൽ ഉല്പാദിപ്പിക്കുന്നത്.

പത്താം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നല്കുന്ന മത്സ്യകൃഷി വികസന പരിപാടികൾ

76 [3663] ശ്രീ. ടി. പി. രാമകൃഷ്ണൻ:

,, കെ. പി. സതീശ്ചന്ദ്രൻ:

ഡോ. തോമസ് ഐസക്ക്:

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫീഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യക്കൃഷി വികസനത്തിന് പത്താം പഞ്ചവത്സര പദ്ധതിയിൻ കീഴിലുള്ള ഒന്നും രണ്ടും വാർഷിക പദ്ധതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തുകയുണ്ടായോ; എങ്കിൽ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യക്കൃഷിയുടെ സംയോജിത വികസനത്തിനും മത്സ്യവംശ സംരക്ഷണത്തിനും ഉതകുന്ന പരിപാടികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) വിലയിരുത്തുകയുണ്ടായി. ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികൾ ഒരു പരിധിവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്.